# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നം. 4981. | 6-2-2014 -ൽ<br>മറുപടിയ്ക്ക്. |

**എം.എൽ.എ. മാരുടെ പി.എ.മാർ നേരിടുന്ന പ്രയാസങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ. | ശ്രീ.ഉമ്മൻചാണ്ടി,<br>മുഖ്യമന്ത്രി. |
| (എ) വിവിധങ്ങളായ സർക്കാർ ഓഫീസുകളിൽ പ്രത്യേകിച്ച് സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിൽ മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ, എം.എൽ.എ. ഏല്പിക്കുന്ന മറ്റ് കാര്യങ്ങൾ എന്നിവയുടെ അന്വേഷണത്തിനും മറ്റുമായി എത്തുന്ന പി.എ.മാർക്ക് ചില ഉദ്യോഗസ്ഥരിൽ നിന്നും നിരുത്തര വാദിത്വപരമായ സമീപനം നേരിടേണ്ടിവരുന്നതും മണ്ഡലം സംബന്ധമായ ഫയലുകളിലെ വിശദാംശം ആരായുമ്പോൾ ധനകാര്യ വകുപ്പിലെ പല ഉന്നത ഉദ്യോഗസ്ഥരും മോശമായി പെരുമാറുന്നതും മറുപടി നൽകാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇതു സംബന്ധമായി ഇറക്കിയ 441/ എ2/13 തീയതി 18-2-2013 സർക്കുലറിലെ നിർദ്ദേശ ങ്ങൾ പാലിക്കപ്പെടുന്നില്ല എന്നതിനാൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തു തുടർ നടപടിയാണ് സ്വീകരിക്കുന്നത്; ആയതിന്റെ നടപടി ക്രമം എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (ബി) 18-02-2013-ലെ 441/എ2/2013/ സർക്കുലർ പാലിയ്ക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ